(ഡി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ ലൈസൻസ് ആവശ്യമില്ലാത്തതിനാൽ സ്വകാര്യമേഖലയ്ക്ക് സ്വതന്ത്രമായി ഉൽപ്പാദനമേഖലയിൽ കടന്നു വരാം. എന്നാൽ വൈദ്യുതി പ്രസരണ വിതരണ മേഖലകളിൽ ലൈസൻസ് ആവശ്യമുള്ളതിനാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തോടുകൂടി മാത്രമേ അവർക്ക് ഈ രംഗത്ത് കടന്നുവരാൻ സാധിക്കുകയുള്ളു.

(ഇ) കൺസൾട്ടൻസിയെ നിയമിക്കുന്നതിനെപ്പറ്റി തീരുമാനമായിട്ടില്ല.

ആദിവാസി പുനരധിവാസ മിഷൻ

16 (*683) ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മിഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഇതുവരെയുള്ള പ്രവർത്തനംമൂലം ആദിവാസികൾക്ക് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്. 9-11-2001-ലെ ജി.ഒ. (പി) നമ്പർ 63/2001/പജപവവിവ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ചേക്കർവരെയും ഭൂമി വിതരണം ചെയ്യുക. അവരെ പുനരധിവസിപ്പിക്കുക, അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക ഇവയാണ് മിഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ.

(സി) ഉണ്ട്. ഇതുവരെ 1429 കുടുംബങ്ങൾക്കായി 2255.586 ഏക്കർ ഭൂമി വിതരണം ചെയ്യുകയും ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്കായി 5,52,13,563 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 7561.48 ഏക്കർ ഭൂമികൂടി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആറളംഫാം കേന്ദ്ര ഗവൺമെന്റിൽനിന്നും വിട്ടുകിട്ടിയാൽ പകുതിഭാഗം (3008 ഏക്കർ) ആദിവാസികൾക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 12105 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരുമായി ചർച്ചകൾ തുടരുന്നുണ്ട്. കൂടാതെ വിതരണം ചെയ്താൽ കണ്ടെത്താവുന്ന പരമാവധി ഭൂമി കണ്ടെത്തുന്നതിന് ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly